(സി) വിതരണപൈപ്പുകൾ സ്ഥാപിക്കാനുള്ള പ്രവർത്തികളാണ് പ്രധാനമായും അവശേഷിക്കുന്നത്. ഇതിനാവശ്യമായ പൈപ്പുകൾ ലഭ്യമല്ലാത്തതിനാൽ ഈ പ്രവർത്തികൾക്കുള്ള പൈപ്പുകൾ സപ്ലൈ ചെയ്ത് സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിവരുന്നു. ഇതിനുള്ള ടെണ്ടറുകൾ ക്ഷണിച്ച് പൈപ്പുകൾ സ്ഥാപിച്ചശേഷം പമ്പ്സെറ്റുകൾ സ്ഥാപിച്ച് വൈദ്യുതികണക്ഷൻ ലഭ്യമാക്കി 2004 മാർച്ച്മാസം പദ്ധതി കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

രാജക്കാട്-രാജകുമാരി കുടിവെള്ളപദ്ധതി

89 (2367) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉടുമ്പൻചോല താലൂക്കിലെ രാജക്കാട്-രാജകുമാരി കുടിവെള്ള പദ്ധതിയുടെ എല്ലാ ഘട്ടങ്ങളും കമ്മീഷൻ ചെയ്തിട്ടുണ്ടോ ; എങ്കിൽ എന്നാണ് കമ്മീഷൻ ചെയ്തത് ;

(ബി) പദ്ധതിയുടെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഒരു വിദഗ്ദ്ധസമിതിയെ വച്ച് അന്വേഷണം നടത്തി പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) രാജക്കാട്-രാജകുമാരി കുടിവെള്ള പദ്ധതിയുടെ എല്ലാ ഘട്ടങ്ങളും കമ്മീഷൻ ചെയ്തിട്ടില്ല.

(ബി&സി) രാജക്കാട് പദ്ധതിയുടെ രാജക്കാട് മുല്ലക്കാനം റോഡിൽ പൊതുമരാമത്ത് വകുപ്പ് റോഡിന് വീതി കൂട്ടിയപ്പോൾ പൈപ്പ് ലൈനുകൾക്ക് കേടുപാടുകൾ സംഭവിക്കുകയും പല സ്ഥലങ്ങളിലും പൈപ്പ് ലൈനുകൾ ഇല്ലാതെവരികയും ചെയ്തതുമൂലം കുടിവെള്ളത്തിന് ബുദ്ധിമുട്ടുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതി

90 (2368) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എ. ആർ. ഡബ്ല്യു. എസ്. എസ്. പ്രകാരം കണ്ണൂർ ജില്ലയിലെ കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിലെ പുത്തൂർ വില്ലേജിലെ ശുദ്ധജലവിതരണത്തിന് ഏതുതീയതിയിലാണ് അനുമതി ലഭിച്ചത് ;

(ബി) പ്രസ്തുത പദ്ധതിക്ക് എത്ര രൂപയുടെ അനുമതിയാണ് ഒന്നാമതായി അനുവദിച്ചത് ;

(സി) പദ്ധതി ഇപ്പോൾ പൂർത്തീകരിച്ചോ ;

LIBRARY ARCHIVES Kerala Legislative Assembly